**15.02.2022 തീയതിയിൽ KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് വേണ്ടി നടന്ന യോഗത്തിന്റെ തീരുമാനങ്ങൾ**

എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖേന നടന്ന അവലോകന യോഗത്തിൽ PMU വിലെയും RPMU വിലെയും ഉദ്യോഗസ്ഥർ പങ്കെടുത്തു. ആമുഖമായി എക്സിക്യൂട്ടീവ് ഡയറക്ടർ താഴെ പറയുന്ന നിർദേശങ്ങൾ നൽകി.

- ജലനിധി രണ്ടാം ഘട്ട പദ്ധതികളുടെ എക്സിറ്റും മറ്റുപദ്ധതികളും ടാർജറ്റു ചെയ്തിട്ടുള്ള തീയതികൾക്കുള്ളിൽ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്
- ജലജീവന് മിഷൻ വോളണ്ടിയർമാരെ (ടെക്നിക്കൽ) KWA മാതൃകയിൽ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ അതതു ജില്ലകളിലെ DWSM യോഗത്തിൽ സമർപ്പിച്ച് അനുമതി ലഭ്യമാക്കേണ്ടതാണ്.
- ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്ക് വേണ്ടി സമർപ്പിച്ചിട്ടുള്ള പ്രോപ്പോസലുകളിൽ Source Finding Committee യുടെ അംഗീകാരം ലഭിച്ച പഞ്ചായത്തുകളിൽ ചിലത് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള പഞ്ചായത്തുകളുടെ ലിസ്റ്റ് KWA Website-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. KRWSA യുടെ ഭാഗത്ത് ഇതു പരിശോധിച്ച് നിന്നും ആവശ്യമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- PMU ഓഫീസിലെ ഡയറക്ടർ മുതൽ ടീം അസിസ്റ്റന്റ് വരെയുള്ള എല്ലാ ഉദ്യോഗസ്ഥരും നിർബന്ധമായും ഫീൽഡിൽ പോകുകയും പദ്ധതി പൂർത്തീകരണത്തിന് സഹായകരമായ പ്രവർത്തനങ്ങൾ നടത്തുകയും വേണം.
- KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള microlevel management തീരുമാനങ്ങൾ കോർ കമ്മിറ്റി തന്നെ എടുത്ത് മുന്നോട്ട് പോകണം. പദ്ധതിയുടെ macro level management-ആണ് എക്സിക്യൂട്ടീവ് ഡയറക്ടർ നടത്തുന്നത്.

മേൽ നിർദേശങ്ങൾ നൽകിയതിനു ശേഷം വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്ത് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

<table>
<tr><th>ക്രമ നം.</th><th>പദ്ധതി</th><th>നിർദ്ദേശങ്ങളും തീരുമാനങ്ങളും</th><th>ഉത്തരവാദിത്തം</th><th>സമയ പരിധി</th></tr>
<tr><td>1</td><td>ജലനിധി<br>രണ്ടാം ഘട്ട പദ്ധതി – പൂർത്തീകരണം</td><td>Physical Target (No.of GPs)
<table>
<tr><th>RPMU</th><th>No. of GPs to be exited as on 01.02.22</th><th>Targeted for Feb 22</th><th>Achievement as on 15.2.22</th><th>Balance Target for Feb 28.2.22</th><th>Target for Mar 22</th></tr>
<tr><td>IDK</td><td>3</td><td>2</td><td>1</td><td>1</td><td>1</td></tr>
<tr><td>MLPM</td><td>22</td><td>14</td><td>1</td><td>13</td><td>8</td></tr>
<tr><td>KNR</td><td>4</td><td>1</td><td>0</td><td>1</td><td>3</td></tr>
<tr><td>Total</td><td>29</td><td>17</td><td>2</td><td>15</td><td>12</td></tr>
</table>
കണ്ണൂർ RPMU വിനു കീഴിലുള്ള പുല്ലൂർ പെരിയ പഞ്ചായത്ത് എക്സിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട GPAT നു</td><td>റീജിയണൽ പ്രൊജക്റ്റ് ഡയറക്ടർമാർ, അക്കൌണ്ട് ഓഫീസർമാർ.</td><td>28.2.22</td></tr>
</table>

<table>
<tr>
<td></td>
<td></td>
<td>നൽകിയ പ്രതിഫലം പ്രൊജക്റ്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നത് സംബന്ധിച്ചുള്ള വിഷയം കോർ കമ്മിറ്റി ചർച്ച ചെയ്ത് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ശുപാർശ നൽകേണ്ടതാണ്.
<table>
<tr><th colspan="5">Financial Target (In Cr.)</th></tr>
<tr><th>PMU</th><th>Target for Feb 2022</th><th>Achievement as on 15.2.22</th><th>Target for 28.2.22</th><th>Target for Mar 2022</th></tr>
<tr><td>IDK</td><td>1.85*</td><td>0.27</td><td>1.58</td><td>1.15</td></tr>
<tr><td>MLPM</td><td>1.67</td><td>0.66</td><td>1.01</td><td>4.61</td></tr>
<tr><td>KNR</td><td>0.30</td><td>0.00</td><td>0.30</td><td>1.83</td></tr>
<tr><td>Total</td><td>3.82</td><td>0.93</td><td>2.89</td><td>7.59</td></tr>
</table>
* ഇടുക്കി RPMU വിന്റെ 2022 ജനുവരി മാസത്തിലെ ലക്ഷ്യമായ 1.60 Cr. രൂപയുടെ ബിൽ തയ്യാറാക്കിയിരുന്നുവെങ്കിലും, ഫണ്ട് ലഭ്യമല്ലാത്തതിനാൽ ചിലവാക്കിയിരുന്നില്ല. ഇതും ഉൾപ്പെടുത്തിയാണ് ഫെബ്രുവരി മാസത്തിലെ Target നിശ്ചയിച്ചിട്ടുള്ളത്.</td>
<td></td>
<td></td>
</tr>
<tr>
<td></td>
<td></td>
<td>പ്ലാൻ പുനർ വിനിയോഗ നിർദ്ദേശങ്ങൾ (Re-appropriation Proposal) തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. Follow-up പ്രവർത്തനങ്ങൾ ഫിനാൻസ് വിഭാഗത്തിൽ നിന്നും ചെയ്യേണ്ടതാണ്. ബജറ്റിനു 10 ദിവസം മുൻപ് മാത്രമാണ് അനുമതി ലഭിക്കുവാൻ സാധ്യതയുള്ളതെന്നും ആയതിനാൽ ബില്ലുകൾ മുഴുവൻ മുൻകൂട്ടി തയ്യാറാക്കി വയ്ക്കേണ്ടതാണെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു.</td>
<td>ഡയറക്ടർ (ഫിനാൻസ്& അഡ്മിനിസ്ട്രേഷൻ) i/c / ഡെപ്യൂട്ടി ഡയറക്ടർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ ) i/c</td>
<td>Continuous</td>
</tr>
<tr>
<td>2</td>
<td>ജലനിധി രണ്ടാം ഘട്ടം – അയ്യമ്പനം പഞ്ചായത്തിലെ പദ്ധതി പൂർത്തീകരണം</td>
<td>സ്കീം ലെവൽ കമ്മിറ്റി ജലവിതരണം ചെയ്യുന്ന നിലവിലുള്ള രീതിയിൽ നിന്നുംമാറി ജലവിതരണത്തിന്റെ പൂർണ്ണ ചുമതല KWA യ്ക്ക് തന്നെ കൈമാറുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്തിട്ടുണ്ട്. ഈ തീരുമാനത്തിനു ശേഷം KWA യിൽ നിന്നും ആഴ്ചയിൽ നാലുദിവസം ആവശ്യത്തിനു ബൾക്ക് വാട്ടർ ലഭിക്കുന്നുണ്ട്. ഇക്കാര്യത്തിലുള്ള പുരോഗതി വിലയിരുത്തിയതിനു ശേഷം ചീഫ് എഞ്ചിനീയറുമായി നേതൃത്വത്തിൽ യോഗം ചേരാവുന്നതാണ്. പദ്ധതിയുടെ ട്രയൽ റൺ 05.03.2022 നു മുൻപായി പൂർത്തീകരിക്കണം.</td>
<td>റീജിയണൽ പ്രൊജക്റ്റ് ഡയറക്ടർ, മാനേജർ ടെക്നിക്കൽ RPMU ഇടുക്കി</td>
<td>05.03.22</td>
</tr>
<tr>
<td>3</td>
<td>സുസ്ഥിരത പദ്ധതി</td>
<td></td>
<td>റീജിയണൽ</td>
<td>28.2.22</td>
</tr>
</table>

<table>
<tr>
<td rowspan="2"></td>
<td rowspan="2">2019-20,<br>2020-21 &<br>2021 - 22</td>
<td>
<table>
<tr><th colspan="3">Financial Target (In Cr.)</th><th></th><th></th></tr>
<tr><th>RPMU</th><th>Target for Feb 22</th><th>Achievement as on 14.02.22</th><th>Target for 28.2.22</th><th>Target for Mar 22</th></tr>
<tr><td>IDK</td><td>5.00*</td><td>0.98*</td><td>4.02</td><td>4.00</td></tr>
<tr><td>MLPM</td><td>2.53</td><td>0.19</td><td>2.34</td><td>3.09</td></tr>
<tr><td>KNR</td><td>2.05</td><td>0.71</td><td>1.34</td><td>2.84</td></tr>
<tr><td>Total</td><td>9.58</td><td>1.88</td><td>7.70</td><td>9.93</td></tr>
</table>
* idukki RPMU 2022 ജനുവരി മാസത്തിലെ ലക്ഷ്യമായ 2 കോടി രൂപയിൽ 1.60 Cr. രൂപയുടെ ബിൽ തയ്യാറാക്കിയിരുന്നുവെങ്കിലും, ചിലവാക്കുവാൻ സാധിച്ചില്ല. ഇതും കൂടി ഉൾപ്പെടുത്തിയാണ് ഫെബ്രുവരി മാസത്തിലെ Target നിശ്ചയിച്ചിട്ടുള്ളത്.
</td>
<td>പ്രൊജക്റ്റ് ഡയറക്ടർമാർ, അക്കൌണ്ട് ഓഫീസർമാർ.</td>
<td></td>
</tr>
<tr>
<td>ഫെബ്രുവരി 8,9, 10 തീയതികളിൽ മൂന്ന് റീജിയണൽ യൂണിറ്റുകളുടെയും അവലോകനയോഗങ്ങൾ നടത്തിയിട്ടുള്ളതാണ്.അവലോകന യോഗങ്ങൾ തുടരണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു.</td>
<td>ശ്രീ.പി.വി. ലാലച്ചൻ DD(OP), ശ്രീമതി. സംഗീത.എം. എം DD(Tech) ശ്രീ. പ്രമോദ്.കെ. DD(M&E)</td>
<td>Countinous</td>
</tr>
<tr>
<td></td>
<td>സ്കീമുകളില് പഞ്ചായത്ത് വിഹിതം/ ഗുണഭോക്തൃ വിഹിതത്തിന്റെ കുറവ് സംബന്ധിച്ച്</td>
<td>സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തിയതിനു ശേഷം ഗ്രാമപഞ്ചായത്ത് വിഹിതം / ഗുണഭോക്തൃവിഹിതം എന്നിവ എടുക്കുവാൻ കഴിയാത്തതിനാൽ പ്രാരംഭഘട്ടത്തിൽ തന്നെ 185 സ്കീമുകൾ ഒഴിവാക്കേണ്ടി വന്നിരുന്നു. ഇതേ കാരണത്താൽ മറ്റ് 103 സ്കീമുകളുടെ പ്രവൃത്തികളും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത്തരം സമിതികളിൽ 28-02-22 ന് മുമ്പായി ഒരിക്കൽക്കൂടി യോഗം ചേർന്ന് പ്രശ്നപരിഹാനത്തിനു ശ്രമം നടത്തണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ റീജിയണൽ യൂണിറ്റുകളോട് ആവശ്യപ്പെട്ടു.</td>
<td>മാനേജർ കമ്മ്യൂണിറ്റി ഡെവലപ്മെന്റ്/ ട്രൈബൽ ഡെവലപ്മെന്റ് സ്പെഷിലിസ്റ്റ്/ ഹേമന്ത് പിജി. PC (OP)</td>
<td>28.2.22</td>
</tr>
<tr>
<td>4</td>
<td>മഴവെള്ള സംഭരണവും ,<br>ഭൂജലപരിപോഷണവും</td>
<td>08-02-22 ന് online interactive session ആയി Vendor Development Programme സംഘടിപ്പിച്ചു. 31 കരാറുകാർ പരിപാടിയിൽ പങ്കെടുക്കുകയും പദ്ധതിയെ കുറിച്ചുള്ള അവരുടെ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു എന്ന് മാനേജർ മഴകേന്ദ്രം അറിയിച്ചു. ഇത്തരം പ്രവർത്തികൾ ചെയ്യുന്ന കരാറുകാരെ എംപാനൽ ചെയ്യുന്നതിന്റെ സാധ്യത പരിശോധിച്ച് അറിയിക്കുവാൻ</td>
<td>മാനേജർ, മഴകേന്ദ്രം / കോർ കമ്മിറ്റി</td>
<td>25.2.22/<br><br>28.2.22</td>
</tr>
</table>

എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു.

മഴകേന്ദ്രം മുഖേന നടത്തുന്ന പ്രവർത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

**Rain Water Harvesting (In Units)**

| Year | Target for Feb 22 | Achievement as on 14.02.22 | Balance target for Feb 28.2.22 | Target for Mar 22 |
|---|---|---|---|---|
| 20-21 | 150 | 39 | 111 | 183 |
| 21-22 | 250 | 0 | 250 | 250 |

**Open Well Recharge (In Units)**

| Year | Target for Feb 22 | Achievement as on 14.02.22 | Balance target for Feb 28.2.22 | Target for Mar 22 |
|---|---|---|---|---|
| 19-20 | 100 | 1 | 99 | 125 |
| 20-21 | 100 | 20 | 80 | 150 |
| 21-22 | 50 | 0 | 50 | 100 |

**Financial Target (In Cr.)**

| Programe | Target for Feb 22 | Achievement as on 14.02.22 | Balance target for Feb 28.2.22 | Target for Mar 22 |
|---|---|---|---|---|
| RWH | 2.12 | 0 | 2.12 | 2.29 |
| Open Well recharge | 0.38 | 0.41 | - | 0.56 |
| Total | 2.50 | 0.41 | 2.12 | 2.85 |

മേൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ വിലയിരുത്തിയ എക്സിക്യൂട്ടീവ് ഡയറക്ടർ മഴകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തി . അതോടൊപ്പം ഭൂജലപരിപോഷണ പ്രവർത്തനങ്ങൾക്കുള്ള ഗുണഭോക്തൃവിഹിതത്തിൽ കുറവ് ചെയ്യുവാൻ കഴിയുമോ എന്നുള്ളത്

<table>
<tr><td></td><td></td><td>കോർ കമ്മിറ്റി പരിശോധിക്കണം. മേൽ പ്രവർത്തികളുടെ പുരോഗതി വിലയിരുത്തി, അനുയോജ്യമായ ശുപാർശ എക്സിക്യൂട്ടീവ് ഡയറക്ടറെ അറിയിക്കണം.</td><td></td><td></td></tr>
<tr><td rowspan="2">5</td><td>ജല ജീവൻ മിഷൻ 2020-21</td><td>
<table>
<tr><th colspan="5">Physical Target (No. of FHTCs)</th></tr>
<tr><th>RPMU</th><th>Target for Feb 22</th><th>Achievement as on 14.02.22</th><th>Balance target for Feb 28.2.22</th><th>Target for Mar 22</th></tr>
<tr><td>IDK</td><td>330</td><td>63</td><td>267</td><td>530</td></tr>
<tr><td>MLPM</td><td>1120</td><td>340</td><td>780</td><td>1300</td></tr>
<tr><td>KNR</td><td>1325</td><td>291</td><td>1034</td><td>1150</td></tr>
<tr><td>Total</td><td>2775</td><td>694</td><td>2081</td><td>2980</td></tr>
<tr><th colspan="5">Financial Target (in Cr.)</th></tr>
<tr><th>RPMU</th><th>Target for Feb 22</th><th>Achievement as on 14.02.22</th><th>Balance target for Feb 28.2.22</th><th>Target for Mar 22</th></tr>
<tr><td>IDK</td><td>0.59</td><td>0.08</td><td>0.51</td><td>0.86</td></tr>
<tr><td>MLPM</td><td>1.30</td><td>0.37</td><td>0.93</td><td>1.52</td></tr>
<tr><td>KNR</td><td>2.38</td><td>0.28</td><td>2.10</td><td>2.17</td></tr>
<tr><td>Total</td><td>4.27</td><td>0.73</td><td>3.54</td><td>4.55</td></tr>
</table>
</td><td>റീജിയണൽ പ്രൊജക്റ്റ് ഡയറക്ടർ, മാനേജർ ടെക്നിക്കൽമാർ</td><td>31.3.22</td></tr>
<tr><td>ജല ജീവൻ മിഷൻ 2020-21</td><td>1-2-22 ലെ അവലോകനയോഗ തീരുമാനപ്രകാരമുള്ള ആക്ഷൻ പ്ലാൻ അടിയന്തിരമായി സമർപ്പിക്കണം. എല്ലാ പ്രവർത്തികൾക്കും PMUത്തിൽ മോണിട്ടർ ചെയ്യുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തണം. എല്ലാ ആഴ്ച്ചയിലും നിർബന്ധമായും കോർകമ്മിറ്റി കൂടണം. മോണിട്ടർ ചെയ്യുന്ന ഉദ്യോഗസ്ഥർ ഫീൽഡ് തലത്തിൽ മീറ്റിംഗ് നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സീകരിക്കേണ്ടതാണ്.</td><td>റീജിയണൽ പ്രൊജക്റ്റ് ഡയറക്ടർ, മാനേജർ ടെക്നിക്കൽമാർ/ കോർ കമ്മിറ്റി</td><td>18.02.22</td></tr>
<tr><td>6</td><td>ജല ജീവൻ മിഷൻ</td><td>549 പഞ്ചായത്തുകളിൽ ത്രികക്ഷി കരാർ ഇതുവരെ ഒപ്പിട്ടു. ആദ്യഘട്ടത്തിൽ ക്ലെയിമുകൾ സമർപ്പിച്ച 45 പഞ്ചായത്തുകളിലെ ISAകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ ലഭിച്ച 27 ക്ലെയിമുകൾ ഉടൻ മിഷൻ ഡയറക്ടറേറ്റിൽ സമർപ്പിക്കുന്നതാണ് എന്ന് ഡെപ്യൂട്ടി ഡയറക്ടർ ഓപ്പറേഷൻസ് അറിയിച്ചു. ക്ലെയിമുകൾ നല്കുന്നതിലുള്ള പുരോഗ</td><td>ഡെപ്യൂട്ടി ഡയറക്ടർ ഓപ്പറേഷൻസ്</td><td>Continuous</td></tr>
</table>

| | | | | |
|---|---|---|---|---|
| | | തി ISAകൾ ഉൾപ്പെടുന്ന Whatsapp group ൽ ഷെയർ ചെയ്യേണ്ടതാണ് എന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. | | |
| 7 | ജല ജീവൻ മിഷൻ 2021-24 | ജലജീവൻ മിഷൻ വോളണ്ടിയർമാരെ (ടെക്നിക്കൽ) KWA മാതൃകയിൽ നിയമിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കേണ്ടതാണ്. | ഡയറക്ടർ (HR) , റീജിയണൽ ഡയറക്ടർമാർ | 25.02.22 |
| 8 | FTK ഉപയോഗിച്ചുള്ള ജല ഗുണനിലവാര പരിശോധന | KRWSA മുഖേന 89738 സാമ്പിളുകൾ പരിശോധിച്ച് WQMIS യിലേക്ക് upload ചെയ്തുവെങ്കിലും, 63502 സാമ്പിളുകൾ മാത്രമേ WQMIS റിപ്പോർട്ടിൽ കാണിക്കുന്നുള്ളു എന്ന് ഡെപ്യൂട്ടി ഡയറക്ടർ (WC) അറിയിച്ചു. 26,236 ഓളം സാമ്പിളുകളുടെ വ്യത്യാസം വന്നിട്ടുള്ളതു സംബന്ധിച്ചുള്ള റിപ്പോർട്ട് 19.2.22 ലെ യോഗത്തിൽ സമർപ്പിക്കണം | ഡെപ്യൂട്ടി ഡയറക്ടർ (WC) | 19.02.22 |
| 9 | KRWSA ഫയലുകളുടെ Followup | KRWSAയിൽ നിന്നും ജല വിഭവവകുപ്പിനു സമർപ്പിച്ചിട്ടുള്ള വിവിധ ഫയലുകളുടെ details ഉൾക്കൊള്ളിച്ച് Google Sheet തയ്യാറാക്കി എക്സിക്യൂട്ടീവ് ഡയറക്ടറുടെ സെക്രട്ടറി സമർപ്പിച്ചിട്ടുണ്ട്. ആയത് തുടർന്നും Follow-up ചെയ്യണം. | ഡയറക്ടർ (ഫിനാൻസ്) i/c, Secretary to ED | Continuous |
| 10 | " Fully Digitally Governed State " ആയി കേരളത്തെ മാറ്റുന്നത് സംബന്ധിച്ച് | KRWSA മുഖാന്തിരം നടത്തുന്ന എല്ലാ പബ്ലിക് സർവ്വീസുകൾക്കും ഓൺലൈൻ സേവനം ലഭ്യമാക്കുന്നതിനും, വെബ്സൈറ്റിൽ പ്രത്യേകം Dash board തയ്യാറാക്കുന്നതിനുമുള്ള നടപടികൾ, അടുത്ത കോർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് സ്വീകരിക്കേണ്ടതാണ്. | കോർ കമ്മിറ്റി | 25.02.22 |
| 11 | പ്ലാൻ പ്രൊപ്പോസൽ 2022-23 | അടുത്ത സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തികളുടെ DER തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. GC നിർദ്ദേശപ്രകാരം ജലനിധി ബാച്ച്-3 SWSS-പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനും, ട്രൈബൽ മേഖലയിലെ പഞ്ചായത്തുകളിൽ സൗരോർജ്ജം ഉപയോഗിക്കപ്പെടുത്തി സ്കീമുകൾ പുനരുദ്ധരിക്കുന്നതിനും ഉള്ള പ്രൊപ്പോസലുകൾ പുതിയ പ്ലാനിൽ ഉൾപ്പെടുത്തണം. | റീജിയണൽ പ്രൊജക്റ്റ് ഡയറക്ടർമാർ / ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കല്) / മാനേജര് ടെക്നിക്കൽ | 25.3.22 |

| | | | | |
|---|---|---|---|---|
| 12 | Brain storming Work shop നടത്തുന്നത് സംബന്ധിച്ച് | ശിൽപശാലയുടെ ഉത്ഘാടനവുമായി ബന്ധപ്പെട്ട് ബഹു. ജലവിഭവവകുപ്പ് മന്ത്രിയുടെ സൗകര്യപ്രദമായ തീയതി വാങ്ങി workshop നടത്തണം. | ഡയറക്ടര് (HR) | 25.2.22 |
| 13 | ജലനിധി മാഗസിന്റെ പ്രസിദ്ധീകരണം | അടുത്ത ലക്കം പ്രസിദ്ധീകരിക്കുന്നതിനുള്ള മാഗസിന്റെ ഉള്ളടക്കം ശേഖരിക്കുകയും അത് ഡിസൈൻ ചെയ്യുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമായിട്ടുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്. സമയബന്ധിതമായി മാസിക പ്രസിദ്ധീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | ശ്രീ. ജിജോ ജോസഫ്, DD (HR)& IEC | Monthly |

For

എക്സിക്യൂട്ടീവ് ഡയറക്ടർ